**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2822** **24-02-2026 - ൽ മറുപടിയ്ക്ക്**

**കണ്ടൽക്കാടുകളുടെ നിർമ്മാർജ്ജനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.എൻ. ഉണ്ണികൃഷ്ണൻ | | ശ്രീ. റോഷി അഗസ്റ്റിൻ<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | നീരൊഴുക്കിന് തടസ്സമാവുന്ന രീതിയിൽ തോടുകളിലും കായലുകളിലും വളർന്നുനിൽക്കുന്ന കണ്ടൽക്കാടുകൾ, ജനവാസകേന്ദ്രങ്ങളിൽ വെള്ളം കയറുന്നതിനും തോടുകളും കായലുകളും വൃത്തിയാക്കി, പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും തടസ്സമാകുന്നതിനാൽ പ്രസ്തുത കണ്ടലുകൾ നീക്കംചെയ്യുന്നതിന് സ്വീകരിക്കാവുന്ന നടപടി എന്തെന്ന് വ്യക്തമാക്കാമോ; | (എ) | തോടുകളിലും കായലുകളിലും വളർന്നുനിൽക്കുന്ന കണ്ടൽക്കാടുകൾ (Mangroves) പരിസ്ഥിതി സംരക്ഷണത്തിന് അത്യന്തം പ്രാധാന്യമുള്ളവയാണ്. തീരപ്രദേശങ്ങളിലെ മണ്ണൊലിപ്പ് തടയുക, ജലജീവവൈവിധ്യം സംരക്ഷിക്കുക, പ്രളയതീവ്രത കുറയ്ക്കുക തുടങ്ങിയ നിരവധി ഗുണങ്ങൾ ഇവ നൽകുന്നു. സംസ്ഥാനത്ത് കണ്ടൽവനങ്ങൾ സംരക്ഷിക്കുന്നതിന് വിവിധ നിയമപരമായ നിയന്ത്രണങ്ങൾ നിലവിലുണ്ട്. പ്രത്യേകിച്ച്, തീരദേശ മേഖലകളിൽ ബാധകമായ Coastal Regulation Zone Notification പ്രകാരം കണ്ടൽവനങ്ങൾ CRZ-I വിഭാഗത്തിൽ ഉൾപ്പെടുന്നതും കർശനമായ സംരക്ഷണ പരിധിയിൽ വരുന്നതുമാണ്. അതിനാൽ കണ്ടൽക്കാടുകൾ പൂർണ്ണമായും നീക്കം ചെയ്യുന്നത് സാധാരണ സാഹചര്യങ്ങളിൽ അനുമതിയില്ലാത്തതാണ്. എന്നാൽ, ജലപ്രവാഹം ഗുരുതരമായി തടസ്സപ്പെടുകയും ജനവാസകേന്ദ്രങ്ങളിൽ ആവർത്തിച്ചുള്ള വെള്ളക്കയറ്റം ഉണ്ടാകുകയും ചെയ്യുന്ന സാഹചര്യങ്ങളിൽ ബന്ധപ്പെട്ട അധികാരികളിൽ നിന്ന് (KCZMA/പരിസ്ഥിതി മന്ത്രാലയം) നിയമാനുസൃത അനുമതി ലഭ്യമാക്കി ശാസ്ത്രീയമായ പഠനത്തിന്റെ അടിസ്ഥാനത്തിൽ പരിമിതമായ രീതിയിൽ ഇടപെടൽ നടത്താവുന്നതാണ്. |
| (ബി) | വൈപ്പിൻ മണ്ഡലത്തിലെ എളങ്കുന്നപ്പുഴ ഗ്രാമപഞ്ചായത്തിൽ ജനവാസകേന്ദ്രങ്ങളിൽ ഓരുവെള്ളം കയറുന്നതിന് കാരണമാവുന്ന ആർ.എം.പി. തോട് നവീകരണത്തിനായി നവകേരള സദസ്സിൽ 2.29 കോടിക്കും ബഡ്ജറ്റിൽ 2 കോടി രൂപയ്ക്കും ഭരണാനുമതി ലഭിച്ചിട്ടുള്ള പ്രവൃത്തി നടപ്പിലാക്കുന്നതിനും കടലിലേയ്ക്കുള്ള നീരൊഴുക്കിന് തടസ്സമായും തോടുകൾ തന്നെ ഇല്ലാതാക്കുന്ന രീതിയിലും വളർന്നുവരുന്ന കണ്ടൽക്കാടുകൾ | (ബി) | ഇത്തരത്തിൽ പ്രത്യേക അനുമതിയും നിയമങ്ങളിൽ ഇളവ് അനുവദിക്കുന്നതുമായ വിഷയം ഇപ്പോൾ സർക്കാർ പരിഗണനയിലില്ല. കണ്ടൽക്കാടിന്റെ അമിത വളർച്ച മൂലം തോടിന്റെ നീരൊഴുക്ക് തടസ്സപ്പെടുന്ന സാഹചര്യത്തിൽ കണ്ടൽക്കാട് നേരിട്ട് നീക്കം ചെയ്യൽ സാധ്യമല്ല. മറിച്ച് ശാസ്ത്രീയമായ വിലയിരുത്തലുകളും ബന്ധപ്പെട്ട അതോറിറ്റികളുടെ മുൻകൂർ അനുമതിയും ആവശ്യമാണ് |

| | | | |
|---|---|---|---|
| | നീക്കംചെയ്ത് തോടിന്റെ സംരക്ഷണത്തിനായുള്ള പാർശ്വഭിത്തിയുടേയും നടപ്പാതയുടേയും നിർമ്മാണത്തിന് പ്രത്യേകാനുമതിയോ നിയമത്തിൽ ഇളവോ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | | |

സെക്ഷൻ ഓഫീസർ